**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1106** **30-06-2022 - ൽ മറുപടിയ്ക്ക്**

**ഗുരുവായൂർ മണ്ഡലത്തിലെ പുനർഗേഹം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൻ.കെ. അക്ബർ | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | ഗുരുവായൂർ മണ്ഡലത്തിൽ നടപ്പാക്കുന്ന പുനർഗേഹം പദ്ധതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (എ) | ഗുരുവായൂർ നിയോജക മണ്ഡലത്തിൽ ഉൾപ്പെട്ട മത്സ്യഗ്രാമങ്ങളായ ഏങ്ങണ്ടിയൂർ, കടപ്പുറം, മന്ദലാംകുന്ന് എന്നിവിടങ്ങളിലെ 146 കുടുംബങ്ങൾ പുനർഗേഹം പദ്ധതി പ്രകാരം പുനരധിവാസത്തിന് അർഹരാണെന്ന് കണ്ടെത്തിയിട്ടുണ്ട്. മാറി താമസിക്കുവാൻ സന്നദ്ധത അറിയിച്ചിട്ടുള്ള 64 ഗുണ ഭോക്താക്കളിൽ 28 ഗുണഭോക്താക്കൾ ഭൂമി രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇതിൽ 25 പേർ ഭവന നിർമ്മാണം പൂർത്തീകരിക്കുകയും 3 പേർ ഭവന നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിലുമാണ്. 13 ഗുണഭോക്താക്കൾ കൂടി ഭൂമി കണ്ടെത്തിയിട്ടുണ്ട്. 23 ഗുണ ഭോക്താക്കൾ ഭൂമി കണ്ടെത്തേണ്ടതായിട്ടുണ്ട്. മത്സ്യഗ്രാമം തിരിച്ചുള്ള വിശദ വിവരം അനുബന്ധമായി ചേർക്കുന്നു. |
| (ബി) | പ്രസ്തുത മണ്ഡലത്തിലെ കടപ്പുറം പഞ്ചായത്തിൽ പുനർഗേഹം പദ്ധതി നടപ്പിലാക്കുന്നതിൽ നേരിടുന്ന കാലതാമസം എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ; പ്രസ്തുത സ്ഥലത്ത് പദ്ധതി നടപ്പിലാക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ? | (ബി) | പദ്ധതി മാനദണ്ഡ പ്രകാരം ജില്ലാതല മോണിറ്ററിംഗ് കമ്മിറ്റിയിൽ നിശ്ചയിക്കപ്പെടുന്ന ഭൂമി വില ഭൂവുടമകൾ അംഗീകരിക്കാതെ പിൻവാങ്ങുന്നത് പദ്ധതി പുരോഗതിയെ ബാധിക്കുന്നുണ്ട്. പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് കടപ്പുറം പഞ്ചായത്തിൽ നിലനിൽക്കുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി ബഹു. എം.എൽ.എ.യെ പങ്കെടുപ്പിച്ച് ഒരു മീറ്റിംഗും പഞ്ചായത്ത് പ്രസിഡന്റിനെയും മെമ്പർമാരെയും ഉൾപ്പെടുത്തി നിരവധി മീറ്റിംഗുകളും നടത്തിയിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ ഗുണഭോക്താക്കൾ ഭൂമി കണ്ടെത്തുന്ന നടപടി പുരോഗമിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ